©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 5<br>5th January 2021<br>1196 ധനു 21<br>21st Dhanu 1196<br>1942 പൌഷം 15<br>15th Pousha 1942 | നമ്പർ<br>No. | 1 |

# PART III

# Dairy Development Department

REGISTRATION CERTIFICATE

No. C-778/2018/R.Dis. *16th March 2020.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the undermentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേര്—മേലൂട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 175 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—16-3-2020.
3. മേൽവിലാസം—മേലൂട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 175 (ഡി) ആപ്കോസ്, മേലൂട്
4. പോസ്റ്റോഫീസ്—മേലൂട്-691 523.
5. താലൂക്ക്—അടൂർ.
6. ജില്ല—പത്തനംതിട്ട.
7. പ്രവർത്തന പരിധി—പള്ളിക്കൽ പഞ്ചായത്തിലെ വാർഡ്-10, വാർഡ്-9 (ഭാഗികം) വാർഡുകളിൽ ഉൾപ്പെട്ട അമ്മകണ്ടകര (വാർഡ് 10), മേലൂട് (വാർഡ് 9)-ലെ കരിങ്കുറ്റിക്കൽ, പന്നിവേലിക്കൽ, ഉദയഗിരി, ഇടത്തറ ചരുവിൽ ഭാഗം, കീപ്പള്ളിൽ, പതിനാലാം മൈൽ ഉൾപ്പെട്ട വടക്ക്-എം. സി. റോഡ്, തെക്ക്-കെ. പി. റോഡ്, കിഴക്ക്-പെരിങ്ങനാട് വില്ലേജ് പടി, കൊറ്റംകോട് റോഡ്, പടിഞ്ഞാറ്-പാലവിളപ്പടി, വട്ടംതിട്ട, കശുവണ്ടി ഫാക്ടറി-പന്നിവേലിക്കൽ റോഡും, പഞ്ചായത്ത് അതിർത്തിയും വരുന്ന പ്രദേശങ്ങൾ പ്രവർത്തന മേഖലയാണ്.
8. ബാദ്ധ്യത—ക്ലിപ്തം.
9. പ്രധാന ഉദ്ദേശ്യങ്ങൾ—പാൽ സംഭരണവും വിതരണവും.
10. അംഗീകൃത ഓഹരി മൂലധനം—₹ 1,00,000.
11. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽനിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചിട്ടുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പത്തനംതിട്ട.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

Gaz. No. 1/2021/DTP (Dairy Development).

## ക്ഷീര വികസന വകുപ്പ്
## ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : എ. അനുപമ, ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ സി-1269/2015. 2020 ഒക്ടോബർ 23.

വിഷയം:— ക്ഷീരവികസന വകുപ്പ്—ആലപ്പുഴ, കുട്ടനാട് താലൂക്കിൽ വെളിയനാട് ബ്ലോക്കിലെ— കുമരങ്കരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 254 (ഡി) ആപ്കോസ്, നീലംപേരൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 59 (ഡി) ആപ്കോസ്, മുട്ടാർ വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 207 (ഡി) ആപ്കോസ് എന്നീ ക്ഷീര സംഘങ്ങൾ സമാപ്തീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ക്ഷീരവികസന വകുപ്പ്, ഡയറക്ടറുടെ സി/13905/2015 നമ്പർ കത്ത്.

(2) ഈ ഓഫീസിലെ 1-7-2017-ലെ സി/1269/2015 നമ്പർ ഉത്തരവ്.

(3) വെളിയനാട് ക്ഷീരവികസന ഓഫീസറുടെ 4-11-2020-ലെ 104/2020, 105/2020, 106/2020 എന്നീ നമ്പർ കത്തുകൾ.

(4) കേരള ഗസറ്റ് വിഞ്ജാപനം വാല്യം 8 (VIII), നമ്പർ 49, തീയതി 10-12-2019.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് ബ്ലോക്കിലെ വെളിയനാട് ഗ്രാമപഞ്ചായത്തിൽ 3, 4 വാർഡുകളിൽ പ്രവർത്തിച്ചിരുന്ന കുമരങ്കരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 254 (ഡി) ആപ്കോസ്, കുട്ടനാട് താലൂക്കിൽ വെളിയനാട് ബ്ലോക്കിലെ നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന നീലംപേരൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 59 (ഡി) ആപ്കോസ്, കുട്ടനാട് താലൂക്കിൽ വെളിയനാട് ബ്ലോക്കിലെ മുട്ടാർ പഞ്ചായത്തിൽ 4, 5, 8 വാർഡുകളിൽ പ്രവർത്തിച്ചിരുന്ന മുട്ടാർ വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 207 (ഡി) ആപ്കോസ് എന്നീ ക്ഷീര സംഘങ്ങൾ വർഷങ്ങളായി പ്രവർത്തനരഹിതമാവുകയും തുടർന്ന് പ്രവർത്തി പ്പിക്കുവാൻ യാതൊരു സാദ്ധ്യതയും ഇല്ലാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരമുള്ള ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് വെളിയനാട് ക്ഷീര വികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ആയത് അനുസരിച്ച് പരാമർശം (2) പ്രകാരം ടി സംഘങ്ങൾ സമാപ്തീകരിക്കുന്നതിന്, നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ ഇതിന്മേൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം രണ്ട് മാസത്തിനുള്ളിൽ വെളിയനാട് ക്ഷീരവികസന ഓഫീസർ-നെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും യാതൊരു ആക്ഷേപവും നിശ്ചിത തീയതിയിൽ ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരു അറിയിപ്പ് കൂടാതെ സംഘം സമാപ്തീകരിക്കുന്ന താണെന്നും കാണിച്ച് കേരള ഗസറ്റിൽ വിജ്ഞാപനം നൽകിയിരുന്നു. സംഘം സമാപ്തീകരിക്കുന്നതിന് തുടർന്നുള്ള നടപടികൾ പൂർത്തീകരിച്ച് പരാമർശം (3) പ്രകാരം വെളിയനാട് ക്ഷീരവികസന ഓഫീസർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

### ഉത്തരവ്

മേൽ പരാമർശ പ്രകാരം വർഷങ്ങളായി പ്രവർത്തനരഹിത മായിരുന്ന കുട്ടനാട് താലൂക്കിൽ വെളിയനാട് ബ്ലോക്കിലെ കുമരങ്കരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 254 (ഡി) ആപ്കോസ്, നീലംപേരൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 59 (ഡി) ആപ്കോസ്, മുട്ടാർ വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 207 (ഡി) ആപ്കോസ് എന്നീ ക്ഷീര സംഘങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ യാതൊരു സാദ്ധ്യതയുമില്ലാ എന്ന് ഉത്തമ ബോദ്ധ്യമുള്ളതിനാൽ 1969-ലെ കേരള സഹകരണ നിയമത്തിലെ വകുപ്പ് 74 പ്രകാരം ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് (രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട്) ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി,
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
ആലപ്പുഴ. ഡെപ്യൂട്ടി ഡയറക്ടർ.

---

## ക്ഷീര വികസന വകുപ്പ്
## ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ജയസുജീഷ്, ജെ. എസ്.)

നമ്പർ ഇ.-4997/2018. 2020 ഒക്ടോബർ 21.

വിഷയം:— ക്ഷീരവികസന വകുപ്പ്—പാലക്കാട്— കുലുക്കല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം, ക്ലിപ്തം നമ്പർ പി. 341 (ഡി) ആപ്കോസിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം:—(1) കുലുക്കല്ലൂർ ക്ഷീര സംഘം ചീഫ് പ്രൊമോട്ടറുടെ 19-7-2017-ലെ അപേക്ഷ

(2) ഈ ഓഫീസിലെ 21-3-2018-ലെ സി/3599/2017 നമ്പർ കത്ത്.

(3) WPC 29868/2018 പ്രകാരം കുലുക്കല്ലൂർ ക്ഷീര സംഘം ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജി.

(4) WPC 29868/2018 പ്രകാരമുള്ള ഹർജിയിന്മേൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 21-8-2019-ലെ ഉത്തരവ്.

(5) സ. ഉ. (സാധാ) നമ്പർ 11/2019/ഡി.ഡി. തീയതി 26-2-2020

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്കിൽപ്പെട്ട കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ 10, 11 വാർഡുകൾ പ്രവർത്തന പരിധിയാക്കി 28-7-2015-ന് രജിസ്റ്റർ ചെയ്ത കുലുക്കല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 341 (ഡി) ആപ്കോസ് കേരള സഹകരണ നിയമം ചട്ടം 7, 8 എന്നിവ അനുശാസിക്കുന്ന പ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കകം പ്രവർത്തനം ആരംഭിക്കുകയോ പ്രഥമ പൊതുയോഗം കൂടുകയോ ചെയ്തിട്ടില്ലാത്തതാണ്. തുടർന്ന് നിർദ്ദിഷ്ട സമയ പരിധിക്കുശേഷം, സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ചീഫ് പ്രൊമോട്ടർ അപേക്ഷ സമർപ്പിക്കുകയും ആയത് ചട്ടവിരുദ്ധമായതിനാൽ നിർദ്ദിഷ്ട സമയ പരിധിക്കുശേഷം പൊതുയോഗം വിളിച്ച് ചേർക്കുന്നതിന് അനുമതി നൽകാൻ നിർവ്വാഹമില്ലെന്ന് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

തുടർന്ന് കുലുക്കല്ലൂർ ക്ഷീര സംഘം ഈ നടപടിയിന്മേൽ കേരള സഹകരണ നിയമം വകുപ്പ് 101 പ്രകാരം സർക്കാരിന് അപ്പീൽ സമർപ്പിച്ചശേഷം ബഹു. ഹൈക്കോടതിയിൽ പരാമർശം (3) പ്രകാരം ഹർജി ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത ഹർജി പരിഗണിച്ച ബഹു. ഹൈക്കോടതി അപേക്ഷകന്റെ അപ്പീൽ രണ്ട് മാസത്തിനുള്ളിൽ നിയമപ്രകാരം തീർപ്പാക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയുണ്ടായി. ആയത് പ്രകാരം സർക്കാർ കുലുക്കല്ലൂർ ക്ഷീര സംഘത്തിന്റെ അപ്പീൽ പരിഗണിക്കുകയും കുലുക്കല്ലൂർ ക്ഷീര സംഘത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിന് അനുമതി നിഷേധിച്ച ക്ഷീര വികസന വകുപ്പിന്റെ നടപടി ശരി വെച്ച് പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ രജിസ്റ്റർ ചെയ്ത ശേഷം കേരള സഹകരണ നിയമം ചട്ടം 7 പ്രകാരം 6 മാസത്തിനകം പ്രവർത്തനം ആരംഭിക്കാതിരുന്ന കുലുക്കല്ലൂർ ക്ഷീരോത്പാദന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 341(ഡി) ആപ്കോസിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം രൂപീകരിക്കുന്നതിനായി ചീഫ് പ്രൊമോട്ടർ ക്ഷീര കർഷകരിൽ നിന്നും പിരിച്ചെടുത്ത ഓഹരി തുക പൂർണ്ണമായും ബന്ധപ്പെട്ട ക്ഷീര കർഷകർക്ക് തിരികെ നൽകി രസീത് വാങ്ങി ആയതിന്റെ അസൽ ഈ ഓഫീസിൽ ക്ഷീര വികസന ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
പാലക്കാട്. ഡെപ്യൂട്ടി ഡയറക്ടർ.